**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 448** **02-02-2023 - ൽ മറുപടിയ്ക്ക്**

**ആനങ്ങാടി ബീച്ചിലെ കടൽ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിലെ കടൽ ഭിത്തി നിർമ്മാണത്തിന് കിഫ്ബിയുടെ അനുമതിക്കായി ജലസേചന വകുപ്പ് തയ്യാറാക്കി സമർപ്പിച്ച പ്രപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ കിഫ്ബി മാനദണ്ഡ പ്രകാരം പരിഗണിക്കാൻ കഴിയാത്ത പദ്ധതിയായതിനാൽ ആയത് അറിയിച്ച് ഫയൽ തിരികെ നൽകിയിട്ടുണ്ട്. |
| (ബി) | കിഫ്ബിയിൽ ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്ന് ജലസേചന വകുപ്പ് അറിയിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കിഫ്ബിയുടെ അനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ജലസേചന വകുപ്പിൽ നിന്നും നൽകിയ ശിപാർശയിന്മേൽ 6 മാസം കഴിഞ്ഞിട്ടും മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ കിഫ്ബി മാനദണ്ഡ പ്രകാരം പരിഗണിക്കാൻ കഴിയാത്ത പദ്ധതിയായതിനാൽ ആയത് അറിയിച്ച് ഫയൽ തിരികെ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫയലിന്മേൽ കിഫ്ബി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ കിഫ്ബി മാനദണ്ഡ പ്രകാരം പരിഗണിക്കാൻ കഴിയാത്ത പദ്ധതിയായതിനാൽ ആയത് അറിയിച്ച് ഫയൽ തിരികെ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കടൽ ഭിത്തിയുടെ അനുമതി അകാരണമായി വൈകിപ്പിക്കുന്നത് ഒഴിവാക്കി തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് മറ്റ് മാർഗങ്ങളിലൂടെ പണം കണ്ടെത്തി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പിനോട് അഭ്യർഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ